DESPATCHED On.8..2..22

5-26(1)
30/12/2021




സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.2630(5)/19/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 20194/SIC-G7/2019**

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി: 30.12.2021

**ശ്രീ. ഉമ്മർ പുളിഞ്ഞോളി**
**ഏറാമല പി.ഒ**
**ഓർക്കാട്ടേരി വഴി – 653 501**

} **അപ്പീൽ ഹർജിക്കാരൻ**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**ഡിവിഷണൽ ഓഫീസർ**
**കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുഖ്യ കാര്യാലയം**
**കൊച്ചി – 17**

2. **അപ്പീൽ അധികാരി**
**സി.ഇ.ഒ**
**കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുഖ്യ കാര്യാലയം**
**കൊച്ചി – 17**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 31.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.09.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.09.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 26.11.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.12.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09.12.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 13.01.2021, ഓഡിയോ ഹിയറിംഗ് |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ വിവരാവകാശ നിയമം 19(3) വകുപ്പ് പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഉമ്മർ പുളിഞ്ഞോളി, 04.12.2019-ൽ സമർപ്പിച്ച അപ്പീൽ ഹർജി 09.12.2019-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No.2630(5)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും സമയബന്ധിതമായി മറുപടി ലഭ്യമായില്ലായെന്ന ആക്ഷേപത്തിൻമേൽ നടപടി സ്വീകരിക്കണമെന്നുമാണ്.

3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം അപ്പീൽ ഹർജിക്കാരൻ 31.07.2019-ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്:-

i. മുത്തവല്ലി തെരഞ്ഞെടുപ്പിൽ വോട്ടറുടെ യോഗ്യതയായി പരിഗണിച്ചിരുന്നത് ഒരു ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ള വഖഫ് പ്രതിനിധികളെയാണ്. പ്രസ്തുത ഒരു ലക്ഷം എന്ന പരിധി നിശ്ചയിച്ചത് ഏത് വർഷമാണ്.

ii. നിലവിൽ സംസ്ഥാനത്ത് ഒരു കോടിയോ അതിൽ കൂടുതലോ വരുമാനമുള്ള എത്ര വഖഫുകളാണ് ഉള്ളത്. അത്തരം വഖഫുകളുടെ എണ്ണവും, വരുമാനവും, ആർ.എ. നമ്പറും മേൽ വിലാസവും എന്നിവയുമാണ്.

4. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷിയിൽ നിന്നും ലഭിച്ച വിവരം തൃപ്തികരമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയ്ക്ക് എസ്.പി.ഐ.ഒയും അപ്പീൽവാദിയും പങ്കെടുത്തിരുന്നു.

5. ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ അറിയിച്ചത്, ടി അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിനുള്ള വിവരം 1995 ലെ വഖ്ഫ് ആക്ട് സെക്ഷൻ 14

(ബി) സബ് സെക്ഷൻ (iv) പ്രകാരമാണെന്നും രണ്ടാമത്തെ ചോദ്യത്തിന് ക്രോഡീകരിച്ച് ലഭ്യമല്ല എന്നും മറുപടി നൽകിയിരുന്നു എന്ന് അറിയിച്ചു.

6. അപ്പീൽവാദി കമ്മീഷനെ അറിയിച്ചത്, ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യ മായി ലഭ്യമാക്കണം എന്നും നിയമം അനുശാസിക്കുന്ന സമയപരിധിക്കുള ളിൽ വിവരം നൽകാതിരുന്ന എസ്.പി.ഐ.ഒക്കെതിരെനടപടി സ്വീകരിക്കണം എന്നുമാണ്അപ്പീൽ ഹർജിയും മറ്റു അനുബന്ധരേഖകളും പരിശോധിക്കു മ്പോൾ, സംസ്ഥാനത്ത് ഒരു കോടിയോ അതിലധികമോ വരുമാനമുള്ള എത്ര വഖഫുകൾ ഉണ്ട് എന്ന് ചോദ്യത്തിന് വിവരം ലഭ്യമായിട്ടില്ല എന്ന് കമ്മീ ഷൻ വിലയിരിത്തുന്നു. ആർ.ടി.ഐ പ്രകാരം 31.07.2019 തീയതി സമർപ്പിച്ച ആർ.ടി.ഐ അപേക്ഷയ്ക്ക് നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മറുപടി നൽകുന്നതിൽ എസ്.പി.ഐ.ഒ യുടെ ഭാഗത്ത് നിന്നു വീഴ്ച വന്നിട്ടു ള്ളതായി കമ്മീഷൻ നിരീക്ഷിച്ചിക്കുന്നു.പ്രസ്തുത വീഴ്ച ആർ.ടി.ഐ പ്രകാരം നിയമലംഘനവും ഗുരുതരമായ വീഴ്ചയുമാണ്. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. യ്ക്കെതിരെ വിവരാ വകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെ ങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസ ത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തി നുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെ ങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ട തുമാണ്. 31.07.2019 ലെ വിവരാവകാശ അപേക്ഷയ്ക്ക് 05.09.2019 നാണ് അപൂർണ്ണമായ മറുപടി നൽകിയിട്ടുള്ളത്. സമയപരിധിക്കുള്ളിൽ മറുപടി ലഭിക്കാത്തതിനാലാണ് ആവശ്യപ്പെട്ട വിവരം സൗജന്യമായി ലഭിക്കണമെന്ന് 18.09.2019 ന് നൽകിയ 1 – ാം അപ്പീലിലൂടെ അപ്പീൽ വാദി ആവശ്യപ്പെട്ടത്. ആയതിന് അപ്പീൽ അധികാരി വിചിത്രമായ ഒരു മറുപടിയിലൂടെ അപ്പീൽ അപേക്ഷ തള്ളുകയാണുണ്ടായത്. എന്നാൽ കൃത്യമായ സമയത്തിനുള്ളിലാണ് അപ്പീൽ സമർപ്പിച്ചതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാം അപ്പീൽ അധികാരിയുടെ നടപടിയിൽ കമ്മീഷൻ അതൃപ്തി രേഖപ്പെടുത്തുന്നു.

7. 31.07.2019 ലെ ആർ. ടി. ഐ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിനുള്ള വിവരം ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി ടിയാന് നൽകേണ്ടതാണ് എന്ന് എസ്.പി.ഐ.ഒക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം ഈ അപ്പീൽ ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ശ്രീലത പി. ആർ**
**സംസ്ഥാന വിവരവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Gs